നം.C2/13360/2018

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695 004
ഫോൺ: 0471-2445749, 2445799
e-mail: dddtvm@gmail.com
തീയതി 31.10.2018

32

## സർക്കുലർ നം.43/2018

വിഷയം;- ക്ഷീര വികസന വകുപ്പ്- ക്ഷീര സംഘം ജീവനക്കാരുടെ സെക്യൂരിറ്റി നിക്ഷേപം ഏകീകരിക്കുന്നത് -സംബന്ധിച്ച്

സൂചന:- 1. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 22.08.2005-ലെ ജി1/10075/2005 നമ്പർ സർക്കുലർ
2. കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയന്റെ (CITU) 26/08/2017 ലെ നിവേദനം

ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ ഒന്നാം സൂചനയിലെ സർക്കുലർ പ്രകാരം ക്ഷീര സംഘത്തിലെ സെക്രട്ടറിമാർ മൂന്ന് ദിവസത്തെ പാലിന്റെ വിലയ്ക്ക് തുല്യമായ തുക ക്യാഷ് സെക്യൂരിറ്റിയായി സംഘത്തിൽ വയ്ക്കണമെന്ന നിബന്ധനയിൽ കൂടുതൽ പാൽ സംഭരിക്കുന്ന സംഘങ്ങളിലെ സെക്രട്ടറിമാർ കൂടുതൽ തുക സംഘങ്ങളിൽ സെക്യൂരിറ്റി നിക്ഷേപമായി അടയ്ക്കേണ്ടി വരുന്നതായും ലാബ് അസിസ്റ്റന്റുമാർ കൈകാര്യം ചെയ്യുന്ന ഉപകരണങ്ങളുടെ വിലയുടെ അടിസ്ഥാനത്തിലും പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർ പ്രതിദിനം കൈകാര്യം ചെയ്യുന്ന പാലിന്റെ വിലയ്ക്ക് തുല്യമായ തുകയും ക്യാഷ് സെക്യൂരിറ്റിയായി അടയ്ക്കുവാൻ നിർബന്ധിതരായിട്ടുണ്ടെന്നും ആയത് ജീവനക്കാരെ ബുദ്ധിമുട്ടിലാക്കിയിട്ടുള്ളതായും സൂചന (1) സർക്കുലറിലെ നിർദ്ദേശങ്ങൾ പുനപരിശോധിക്കണമെന്നും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

ജീവനക്കാരിൽ നിന്നും സെക്യൂരിറ്റിയും എഗ്രിമെന്റും കൈകാര്യം ചെയ്യുന്ന തുകയ്ക്ക് സംഘം ബൈലോയിലെ വ്യവസ്ഥകൾക്ക് അധിഷ്ഠിതമായി വാങ്ങി സൂക്ഷിക്കേണ്ടത് ആവശ്യമാണ്. സൂചന (1) സർക്കുലറിലെ നിബന്ധന ജീവനക്കാർക്ക് അധികബാധ്യത ഉണ്ടാക്കുന്നുവെന്ന അപേക്ഷ പരിഗണിച്ച് മേൽ വിഷയത്തിൽ താഴെ പറയുന്ന നിബന്ധനകൾ നിർദ്ദേശിക്കുന്നു.

B.03.11.18

1. ക്ഷീര സഹകരണ സംഘം ബൈലോ നിബന്ധന പ്രകാരം ക്ഷീരസംഘം ജീവനക്കാർ അവരവരുടെ അടിസ്ഥാന ശമ്പളത്തിന്റെ (ക്ഷാമബത്ത ഒഴികെ) മൂന്നിരട്ടി തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകുവാനും മൊത്ത ശമ്പളം (Consolidated Pay) വാങ്ങുന്ന ജീവനക്കാർ ടി തുകയുടെ ഇരട്ടി തുക സെക്യൂരിറ്റിയായി നൽകണമെന്ന് നിർദ്ദേശിക്കുന്നു.
2. തുക കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാരിൽ നിന്നും അവർ ബൈലോ നിബന്ധനക്കു വിധേയമായി കൈവശം സൂക്ഷിക്കാവുന്ന തുകയുടെ പരിധിക്ക് തുല്യമായ തുകയ്ക്കും മറ്റ് ജീവനക്കാർക്ക് 25000/- രൂപയുടെയും എഗ്രിമെന്റും ആൾജാമ്യം വാങ്ങേണ്ടതാണ്.
3. സംഘത്തിന്റെ ധനസ്ഥിതി സംരക്ഷിക്കുന്നതിനുവേണ്ടി ഫിഡിലിറ്റി ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.
4. ഖണ്ഡിക 2, 3 നിബന്ധന പാലിച്ചിട്ടുണ്ടെങ്കിൽ ജീവനക്കാരിൽ നിന്നും ഖണ്ഡിക (1) വ്യവസ്ഥയിലെ സെക്യൂരിറ്റി തുകയിൽ അധികരിക്കുന്ന തുക ഭരണസമിതിക്ക് തിരികെ നൽകാവുന്നതാണ്. കുറവാണെങ്കിൽ നിബന്ധന പ്രകാരമുള്ള തുക ജീവനക്കാരിൽ നിന്നും വാങ്ങി നിക്ഷേപിക്കേണ്ടതാണ്.

ഡയറക്ടർ/ക്ഷീര സഹകരണ സംഘം
രജിസ്ട്രാർ

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
എല്ലാ ക്ഷീര സംഘങ്ങൾക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും

പകർപ്പ്: 1. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
2. സ്റ്റോക്ക് ഫയൽ

B.03.11.18